1986 ജൂണിനു ശേഷം സംസ്ഥാനത്തു നടന്ന ലാത്തിച്ചാർജുകളും വെടിവെപ്പുകളും

1723 [2592] ശ്രീ. കെ. കൃഷ്ണൻകുട്ടി:
,, എ. വി. താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1986 ജൂൺ മാസം മുതൽ 10-11-1986 വരെ സംസ്ഥാനത്ത് എത്ര ലാത്തിച്ചാർജുകളും വെടിവയ്പുകളും നടന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ഈ ലാത്തിച്ചാർജുകളിലും വെടിവയ്പിലുമായി എത്ര പേർക്ക് പരിക്കുപറ്റി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 10 ലാത്തിച്ചാർജുകളും, 6 വെടിവയ്പുകളും.

(ബി) 2 പേർ മരിക്കുകയും 200 പേർക്ക് പരിക്കുപറ്റുകയും ചെയ്തിട്ടുണ്ട്.

ജീവപര്യന്തം ശിക്ഷിക്കപ്പെട്ട കേസുകൾ

1724 [2595] ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി): താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നടന്ന രാഷ്ട്രീയ കൊലപാതകങ്ങളിൽ ജീവപര്യന്തം ശിക്ഷിക്കപ്പെട്ട കേസുകൾ എത്ര?

ഉത്തരം

രാഷ്ട്രീയ കൊലപാതകത്തിന്റെ പേരിൽ ആരേയും ശിക്ഷിച്ചിട്ടില്ല.

ലോക്കപ്പ് മരണങ്ങളിൽ കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി

1725 [2599] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലോക്കപ്പ് മരണങ്ങളിൽ കുറ്റക്കാരെന്നുകണ്ട് നടപടിയെടുത്ത പോലീസുകാരിൽ എത്ര പേരെ ഇതിനകം തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ട്;

(ബി) സർവ്വീസിൽ പ്രവേശിപ്പിക്കാത്തവരെത്ര?

ഉത്തരം

(എ) ലോക്കപ്പ് മരണങ്ങളിൽ കുറ്റക്കാരെന്നുകണ്ട് നടപടി എടുത്ത 19 പേരിൽ 9 പേരെ സർവ്വീസിൽ പ്രവേശിപ്പിച്ചു. കോടതി വിധിയുടെ അടിസ്ഥാനത്തിൽ രണ്ടുപേരെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടു.

LIBRARY ARCHIVES Kerala Legislative Assembly